# പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി—VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii)പ്രകാരമുള്ളത്]

2018 ഡിസംബർ 13-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി—VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii)പ്രകാരമുള്ളത്]

1693/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി-VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2016-2018)

### ഘടന

ചെയർമാൻ:

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്ജ്, "

ശ്രീ. തോമസ് ചാണ്ടി, "

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

# അവതാരിക

ഒഡെപെക്കിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 11-7-2018-ലെ യോഗത്തിൽ ഒഡെപെക്കിനെ സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ഡിസംബർ 12.

 റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

# റിപ്പോർട്ട്

കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലന്വേഷകരെ സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനും, കുറഞ്ഞ ചെലവിൽ വിശ്വസനീയമായ രീതിയിൽ വിദേശതൊഴിൽ ലഭ്യമാക്കാനുമായി 1977 ഒക്ടോബർ 22-ാം തീയതി കേരള സർക്കാരിന്റെ പൂർണ്ണ അധീനതയിൽ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഒരു പൊതുമേഖലാസ്ഥാപനമാണ് ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് (ഒ.ഡി.ഇ.പി.സി.) ലിമിറ്റഡ് അഥവാ ഒഡെപെക്. മെഡിക്കൽ, പാരാമെഡിക്കൽ, എഞ്ചിനീയറിംഗ്, എക്സിക്യൂട്ടീവ്, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ അഭ്യസ്ത വിദ്യരായ തൊഴിൽ അന്വേഷകർക്കും, വിദഗ്ദ്ധരും അവിദഗ്ദ്ധരും അർദ്ധവിദഗ്ദ്ധരുമായ തൊഴിലാളികൾക്കും വിദേശരാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തുക, അവരെ നിയമിക്കുന്നതിനു വേണ്ട സാഹചര്യവും സൗകര്യങ്ങളും ഒരുക്കുക എന്നതുമാണ് ഒഡെപെകിന്റെ പ്രഖ്യാപിത ലക്ഷ്യമെന്നും ഇത്തരം സേവനത്തിന് നാമമാത്രമായ സർവ്വീസ് ചാർജ് മാത്രമാണ് ഒഡെപെക് തൊഴിലന്വേഷകരിൽ നിന്ന് ഈടാക്കുന്നതെന്നും തൊഴിൽ ദാതാക്കൾ ഈ സർവ്വീസ് ചാർജ് നൽകുകയാണെങ്കിൽ ഉദ്യോഗാർത്ഥികളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു.

## ഘടന/പ്രവർത്തനം

2. ഗവൺമെന്റ് നോമിനേറ്റ് ചെയ്ത മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ, ഫിനാൻസ് മാനേജർ, 13 അസിസ്റ്റന്റുമാർ എന്നിവർ ഉൾപ്പെടുന്ന ഒഡെപെക്കിന്റെ ഓഫീസ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്നു. എംബസ്സികളിൽ പോയി വിസ സ്റ്റാമ്പ് ചെയ്യുന്നതിനും മറ്റുമായി മൂന്ന് സ്റ്റാഫ് അടങ്ങുന്ന ഒരു ചെറിയ ഓഫീസ് ഡൽഹിയിലും പ്രവർത്തിച്ചു വരുന്നു. വിദേശ തൊഴിൽ സാധ്യതകൾ കണ്ടെത്തി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനു പുറമേ ODEPEC-ന്റെ കീഴിൽ ട്രാവൽ ഡിവിഷനും ടൂർ ഡിവിഷനുംകൂടി പ്രവർത്തിച്ചുവരുന്നു. ഒഡെപെക്കിന്റെ പ്രവർത്തനങ്ങളെല്ലാം ഓൺലൈൻ വഴിയാണ് നടത്തിവരുന്നത്. ODEPEC-നു വേണ്ടി റിക്രൂട്ട്മെന്റിനായി ഉദ്യോഗാർത്ഥികളെ കണ്ടെത്താനോ സ്വാധീനിക്കാനോ, ഏജന്റുമാരെയോ പ്രതിനിധികളെയോ നിയോഗിച്ചിട്ടില്ലായെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

3. ഒഡെപെക്കിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം കൂടാതെ ഒ.ഡി.ഇ.പി.സി.യുടെ ഓഫീസിൽ 30 രൂപയും ഒ.ഡി.ഇ.പി.സി.യുടെ പേരിൽ 50 രൂപ ഡിമാന്റ് ഡ്രാഫ്റ്റ്/പോസ്റ്റൽ ഓർഡർ നൽകിയാൽ മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ലേബർ ഓഫീസുകളിലും രജിസ്ട്രേഷൻ ഫോം ലഭിക്കും. രണ്ട് വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്.

4. ജോലിക്ക് അപേക്ഷിക്കുന്നവർ കൂടുതലുള്ള മേഖലയിൽ വച്ച് ഇന്റർവ്യൂ നടത്താറുണ്ടെന്നും കേരളത്തിന് പുറത്ത് ഹൈദരാബാദ്, ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രമുഖ നഗരങ്ങളിൽ ഇന്റർവ്യൂ നടത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

5. മിഡിൽ ഈസ്റ്റ് രാജ്യങ്ങളായ യു.എ.ഇ., സൗദിഅറേബ്യ എന്നിവിടങ്ങളിലേയ്ക്കും യു.കെ, അയർലണ്ട് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുമാണ് പ്രധാനമായും ഒഡെപെക്ക് വഴി റിക്രൂട്ട്മെന്റ് നടക്കുന്നത്. നേഴ്സുമാർക്കാണ് കൂടുതൽ അവസരങ്ങളുള്ളതെന്ന് സമിതി വിലയിരുത്തി. സൗദി അറേബ്യയിലെ അംഗീകരിക്കപ്പെട്ട പതിനാറ് റിക്രൂട്ടിംഗ് ഏജൻസികളുള്ളതിൽ പതിനാലെണ്ണം പ്രൈവറ്റും, ബാക്കി രണ്ട് ഗവൺമെന്റ് ഏജൻസികളുള്ളതിൽ ഒരെണ്ണം ODEPEC-ആണെന്നും എന്നാൽ യു.എ.ഇ. യിലെ മെയിൻ എംപ്ലോയർ പ്രൈവറ്റ് ഏജൻസിയാണെന്നതും സമിതി നിരീക്ഷിച്ചു കേരള ഗവൺമെന്റുമായി സൗദി അറേബ്യ എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും കുവൈറ്റും ഖത്തറും ഒമാനും യു.കെ-യും കൂടി സംസ്ഥാന ഗവൺമെന്റുമായി എഗ്രിമെന്റ് വയ്ക്കുന്ന കാര്യം പരിഗണിച്ച് കൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു.

6. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പലതിലും റിക്രൂട്ടേഴ്സിനു സമീപിക്കാവുന്നൊരു സുതാര്യമായ ഏജൻസി ഇല്ലാത്തതിനാൽ റിക്രൂട്ടേഴ്സും ഉദ്യോഗാർത്ഥികളും കൂടുതൽ ആശ്രയിക്കുന്നത് പ്രൈവറ്റ് ഏജൻസികളെയാണെന്നും പല പ്രൈവറ്റ് ഏജൻസികളും സ്റ്റാഫ്നഴ്സ്, സ്കിൽഡ് വർക്കർ തുടങ്ങിയ ജോലികൾക്കായി റിക്രൂട്ട്മെന്റ് നടത്തുകയും മറ്റു പല ജോലികൾക്ക് ഇവരെ നിയമിക്കുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ടെന്നും പരാതിപ്പെടാൻപോലും കഴിയാത്ത അവസ്ഥയാണെന്നും സമിതി വിലയിരുത്തുന്നു. ഇത്തരം സാഹചര്യങ്ങൾ ഉള്ളതിനാൽ സർക്കാർ തലത്തിൽ റിക്രൂട്ടുമെന്റ് നടത്തുന്ന ഏജൻസികളെ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും സമിതി കരുതുന്നു. വിദേശജോലികൾ 'ഗവൺമെന്റ് ടു ഗവൺമെന്റ്' എന്ന രീതിയിലാകുമ്പോൾ ഉദ്യോഗാർത്ഥികൾ കബളിപ്പിക്കപ്പെടുന്നതിന് മാറ്റമുണ്ടാകുമെന്നും സമിതി പ്രത്യാശിക്കുന്നു. ധാരാളം അവസരങ്ങളുള്ള മേഖലയായ ഹൗസ്മെയ്ഡുകളുടെ റിക്രൂട്ട്മെന്റിന് നിലവിൽ NORKA-യെ സപ്പോർട്ട് ചെയ്യുകയാണ് ODEPEC ചെയ്തുവരുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

7. ഒ.ഡി.ഇ.പി.സി-യുടെ പ്രൊമോഷൻ ആക്ടിവിറ്റിക്കുവേണ്ടി ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ച് പ്രൊമോഷൻ ക്യാമ്പയിന്റെ ഭാഗമായി കുവൈറ്റിലും ഖത്തറിലും റോഡ് ഷോ (Government to Government Business Meet) നടത്തിയതിന് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് സമിതി വിലയിരുത്തുന്നു. <u>നേഴ്സിംഗ്, ഡൊമസ്റ്റിക് ഹെൽപ്, ഹോം നേഴ്സ്, ഡ്രൈവർ തുടങ്ങിയ മേഖലയിൽ ഡിമാന്റുണ്ടെന്നതിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുവാൻ സോഷ്യൽ മീഡിയയിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

8. യു.കെ ഗവൺമെന്റുമായി ചേർന്ന് നേഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് സഹായിക്കുന്നത് ഒഡെപെക്കാണ്. വിദേശത്ത് ജോലി ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾ ഐ.ഇ.എൽ.ടി.എസ്. പരീക്ഷ പാസ്സാകുകയും അതിന് സ്കോർ ഏഴ് ലഭിക്കുകയും വേണം. പലപ്പോഴും ഇത് പാസ്സാകാത്തതുകൊണ്ട് റിക്രൂട്ട് ചെയ്യുന്നതിൽ പത്ത് ശതമാനം പേർക്ക് മാത്രമേ വിദേശത്ത് പോകാൻ സാധിക്കുന്നുള്ളൂവെന്നത് സമിതി മനസ്സിലാക്കുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മായി ചേർന്ന് ഐ.ഇ.എൽ.റ്റി.എസ്. കോച്ചിംഗ് നേഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ ഫലപ്രദമാകുന്ന രീതിയിൽ നടപ്പിലാക്കണമെന്നും ഇങ്ങനെ ആവശ്യങ്ങൾക്കനുസരിച്ച് വ്യത്യസ്ത രീതിയിലുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ടി പ്രോഗ്രാമുകളുടെ വിവരങ്ങൾ ജനങ്ങളിലെത്തിക്കാനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. 2016-17-ൽ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ സർക്കാർ ഏജൻസികളിലൂടെ മാത്രമേ റിക്രൂട്ട് ചെയ്യാവൂ എന്ന നിയമമുണ്ടായിരുന്നതുകൊണ്ട് കൂടുതൽ പേരെ റിക്രൂട്ട് ചെയ്യാൻ ഒഡെപെക്കിന് കഴിഞ്ഞുവെന്നും എന്നാൽ 2017-18-ൽ നിയമം മാറിയപ്പോൾ പ്രൈവറ്റ് ഏജൻസികളുമായി മത്സരിച്ച് മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് നിർദ്ദേശിച്ച കേവലം 30,000 രൂപ മാത്രം ഫീസായി വാങ്ങി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്തത് ശ്ലാഘനീയമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

10. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പല റിക്രൂട്ടേഴ്സിനും സമീപിക്കാവുന്നൊരു സുതാര്യമായ ഏജൻസി എന്ന നിലയിൽ എംബസിയുമായി ചേർന്ന് ഇവിടത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെയൊരു തൊഴിൽ എക്സ്ചേഞ്ച് വിദേശത്ത് ആരംഭിക്കുകയെന്നത് വളരെ നല്ല കാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

11. ജോലി കിട്ടിക്കഴിഞ്ഞതിനുശേഷം പിന്നീടുണ്ടാകുന്ന പല ബുദ്ധിമുട്ടുകളിലും എംബസി വളരെ സജീവമായി ഇടപെടുന്നുണ്ടെന്നും കേരളത്തിൽ നോർക്ക വഴിയും ഒഡെപെക് വഴിയും റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്തുമ്പോൾ ആളുകൾ സ്വകാര്യമേഖലയെ ആശ്രയിക്കുന്നത് കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നും ഒഡെപെക് വഴിയുള്ള റിക്രൂട്ട്മെന്റിൽ പരാതികളില്ലായെന്നതും സമിതി നിരീക്ഷിക്കുന്നു.

12. ഒഡെപെക് വഴി ഇതുവരെ 8285 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ നാലു സാമ്പത്തിക വർഷങ്ങളിൽ ഒഡെപെക് മുഖേന തൊഴിൽ ലഭിച്ച് വിദേശത്ത് പോയവരുടെ വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തെരഞ്ഞെടുക്കപ്പെട്ടവർ | ജോലിയിൽ പ്രവേശിച്ചവർ |
|---|---|---|
| 2014-15 | 195 | 163 |
| 2015-16 | 385 | 340 |
| 2016-17 | 824 | 650 |
| 2017-18 | 910 | 325 |
| 2018-19 (ജൂൺ 30 വരെ) | 151 | 57 |

13. ഒഡെപെക് ഇതുവരെ ഒരു സ്വകാര്യ കമ്പനി പോലെ അധികമാരും അറിയാതെ പ്രവർത്തിക്കുകയായിരുന്നുവെന്ന് വിലയിരുത്തിയ സമിതി ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണെന്നും ഈ സംവിധാനത്തെക്കുറിച്ച് പരമാവധി ജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും മനസ്സിലാക്കുന്നു.

14. വീടുകളിലെ പാലിയേറ്റീവ് കെയർ, കുട്ടികളെയും വൃദ്ധരെയും പരിചരിക്കൽ തുടങ്ങിയ ജോലികൾ ചെയ്യുന്ന ഹോം നഴ്സുകൾക്ക് വിദേശത്ത് വളരെയേറേ ഡിമാന്റുള്ളതിനാൽ കുടുംബശ്രീ വഴി കൂടുതൽ ആളുകളെ നൽകുന്നതിന് അവരുമായി ചർച്ചയിലാണെന്നും കുടുംബശ്രീയുമായി ചേർന്ന് ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിനും ഹോം നഴ്സിംഗ് മേഖലയിൽ വിദഗ്ധരായ ഒരു പാലിയേറ്റീവ് ഏജൻസിയുമായി കരാർ ഉറപ്പിക്കുന്നതിനുള്ള ചർച്ച പുരോഗമിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

15. റിക്രൂട്ട്മെന്റ് വിഭാഗം കൂടാതെ എയർ ടിക്കറ്റ് ബുക്കിംഗ് മേഖലയിൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്ന അയാട്ട അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും മൂന്നു ദശാബ്ദമായി ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഗവർണർ, മന്ത്രിമാർ, സംസ്ഥാന സർക്കാരിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ തുടങ്ങിയവർ ഔദ്യോഗികയാത്രകൾക്കും, നിയമസഭാസമിതികളുടെ സന്ദർശന പരിപാടികൾക്കും ആവശ്യമായ എയർ ടിക്കറ്റിന് പ്രധാനമായും ആശ്രയിക്കുന്നത് ODEPEC-നെയാണ്.

16. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ ഒഡെപെക് ട്രാവൽ ഡിവിഷന്റെ വിറ്റുവരവ് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വിറ്റുവരവ് (ലക്ഷത്തിൽ) |
|---|---|
| 2014-15 | 595.39 |
| 2015-16 | 636.95 |
| 2016-17 | 550.18 |
| 2017-18 | 673.62 |

17. റിക്രൂട്ട്മെന്റ്, ട്രാവൽ ഡിവിഷനുകൾക്ക് പുറമെ ടൂർ ഓപ്പറേഷനുവേണ്ടി ഒരു പ്രത്യേകം ഡിവിഷൻ കൂടി ആരംഭിക്കാൻ ഒഡെപെകിന്റെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. പ്രമുഖ ടൂർ ഓപ്പറേറ്റേഴ്സുമായി ചേർന്ന് വിനോദയാത്രാ പാക്കേജുകൾ നടപ്പിലാക്കുന്നതിനുള്ള ടി പദ്ധതിയുടെ നടപടികൾ പുരോഗമിക്കുന്നു. LTC സൗകര്യമുള്ള IAS ഉദ്യോഗസ്ഥരെയും മറ്റ് സർക്കാർ ഉദ്യോഗസ്ഥരെയുമാണ് പ്രാഥമികഘട്ടത്തിൽ ലക്ഷ്യമിടുന്നത്. നിലവിൽ LTC പ്രകാരമുള്ള യാത്രകൾക്ക് ഉദ്യോഗസ്ഥർ ആശ്രയിക്കുന്നത് സ്വകാര്യ ഏജൻസികളെയാണ്.

18. ഒഡെപെക് എന്ന സ്ഥാപനം മൂന്നുകോടിയോളം രൂപയുടെ കടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനാണ് ടൂർ ഓപ്പറേഷൻ വിംഗ് ആരംഭിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു.

19. സ്റ്റാഫിന്റെ എണ്ണവും മറ്റ് സംവിധാനങ്ങളും പര്യാപ്തമല്ലായെന്നുള്ള പരിമിതിക്കകത്തു നിന്ന് പ്രവർത്തിക്കുന്ന ഈ സംവിധാനത്തെ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് വിലയിരുത്തിയ സമിതി, KASE നഴ്സിംഗ് രംഗത്തുള്ളവർക്ക് വിദേശത്ത് പോയി ജോലി ചെയ്യുമ്പോൾ ആവശ്യമായ പരിജ്ഞാനം, ഭാഷ പ്രയോഗത്തിലെ പുരോഗതി തുടങ്ങിയവയിൽ പരിശീലനം നൽകുന്നതുപോലെ വിദേശമേഖലയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, ട്രാവൽ, ടൂർ എന്നീ മൂന്ന് മേഖലകളിലും ആവശ്യം വരുകയാണെങ്കിൽ കൂടുതൽ ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ODEPEC-ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ സ്ഥാപനം നൽകുന്ന സേവനം സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പത്രദൃശ്യശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയുമുള്ള പ്രചരണ പരിപാടികൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. പ്രൊമോഷൻ ക്യാമ്പയിനുകൾ നടത്തുന്നതിനും ജോലി സംബന്ധമായ ഒഴിവുകൾ, അഭിമുഖങ്ങൾ എന്നിവ സംബന്ധിച്ച വിവരം ഉദ്യോഗാർത്ഥികളിലെത്തിക്കുന്നതിനും പരസ്യ ഇനത്തിൽ ഭാരിച്ച ചെലവ് ഉള്ളതിനാൽ ടി നടപടികൾക്കും ആവശ്യമായ ഒരു സ്ഥിരം പ്ലാൻഫണ്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. എയർ ടിക്കറ്റ് ബുക്ക് ചെയ്ത ഇനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ODEPEC-ന് മൂന്നു കോടിയോളം രൂപ ലഭിക്കാനുണ്ടെന്നും ഏതാണ്ട് അത്രയേറെ തുകയ്ക്ക് സ്ഥാപനം നഷ്ടത്തിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുക ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ഒരു അംഗീകൃത സർക്കാർ ഏജൻസി എന്ന നിലയിൽ വിദേശ സർവകലാശാലകളിലെയും സ്ഥാപനങ്ങളിലെയും തൊഴിൽ സാധ്യതയുള്ള അംഗീകൃത കോഴ്സുകൾ കണ്ടെത്തി വിദ്യാർത്ഥികളിലെത്തിക്കാനും, അത്തരം കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇടനിലക്കാരുടെ കബളിപ്പിക്കൽ കൂടാതെ പ്രവേശനം സാദ്ധ്യമാക്കുന്നതിനും ODEPEC-നു കഴിയുമെന്നും അതിനുള്ള പ്രവർത്തനങ്ങൾ കൂടി ഈ സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

തിരുവനന്തപുരം,
2018 ഡിസംബർ 12.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.